**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2537** **05.11.2019-ൽ മറുപടിക്ക്**

**ആലപ്പാട്- പുള്ള്-മനക്കടി-ശാസ്താംകടവ് റോഡിൽ തെരുവ് വിളക്ക്**

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| --- | --- |
| നാട്ടിക മണ്ഡലത്തിലെ പാറളം ഗ്രാമപഞ്ചായത്തിലെ ആലപ്പാട്-പുള്ള് - മനക്കടി - ശാസ്താംകടവ് റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 05.02.2019 ൽ നൽകിയ നിവേദനത്തിന്മേൽ(റഫ: നം. 544/VIP/Min(Ele)2019) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | നാട്ടിക മണ്ഡലത്തിലെ ആലപ്പാട്-പുള്ള്-മനക്കടി-ശാസ്താംകടവ് റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രസ്തുത നിവേദനം തുടർനടപടികൾക്കായി തൃശ്ശൂർ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക കൈമാറിയിട്ടുണ്ട്.<br>ഫീൽഡുതലത്തിൽ നിന്നുള്ള റിപ്പോർട്ട് അനുസരിച്ച ആലപ്പാട് മുതൽ പുള്ള് പാലം വരെയുള്ള ഏകദേശം 3 കി.മി. ദൂരം നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതും, ടി ഭാഗങ്ങളിൽ തെരുവുവിളക്കുകൾ കത്തിച്ച വരുന്നതുമാണ്. എന്നാൽ പുള്ള് പാലം മുതൽ ശാസ്താംകടവ് വരെയുള്ള ഏകദേശം 1.25 കി.മി. ദൂരം തെരുവുവിളക്കുകൾ ഭാഗികമായി മാത്രമാണുള്ളത്.<br>അതാതു പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയാണ് തെരുവു വിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തീരുമാനം കെ.എസ്.ഇ.ബി.എൽ. നു ലഭ്യമാകുമ്പോൾ ആണ് തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. ഏറ്റെടുത്ത് നടത്തുന്നത്. എന്നാൽ ഈ പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന തീരുമാനം, പ്രസ്തുത പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ അരിമ്പൂർ, പാറളം ഗ്രാമപഞ്ചായത്തുകളിൽ നിന്നും നാളിതുവരെയും കെ.എസ്.ഇ.ബി.എൽ.നു ലഭിച്ചിട്ടില്ല. ബഹു. എം.എൽ.എ. യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ടി പ്രദേശത്ത് തെരുവുവിളക്കുകൾക്ക് വേണ്ട ലൈൻ വലിക്കുന്നതിനും, തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ പഞ്ചായത്ത് തീരുമാനം ലഭ്യമാക്കണമെന്നു അരിമ്പൂർ, പാറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ